For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 5 | ഏപ്രിൽ 2008

# മേഘങ്ങളുടെ മടിത്തട്ട്

അന്തിയുറങ്ങാൻ വന്ന മേഘങ്ങളോട് പുലർകാലം ചോദിച്ചു. "എന്താ പോകുന്നില്ലേ?..." "ഇല്ല.... പോകാൻ തോന്നുന്നില്ല." വീണ്ടും ഭൂമിയെ ഇറുകി പുണ്ണർന്ന മേഘങ്ങൾ ഉദിച്ചുയർന്ന സൂര്യന്റെ ചെറുതാപത്താൽ ജലകണങ്ങളായി ആദ്യം പുൽകൊടി തുമ്പിൽ



*വിസ്തൃത വയൽ*

പിന്നീട് ഭൂമിയുടെ ഹൃദയത്തിലേക്ക്.... 'മേഘങ്ങളുടെ ഭവനം' (The Abode of Clouds) എന്നറിയപ്പെടുന്ന മേഘാലയേകുറിച്ചുള്ള കവി ഭാവനയാണ് മേലേ ഉദ്ധരിച്ചത്. ഈ ഭൂപ്രദേശത്തിന്റെ വശ്യമായ ഭംഗിയും, കുളിർമ്മയും പണ്ടുമുതൽക്കെ മനുഷ്യരെ ആകർഷിച്ചിരുന്നു. അതുകൊണ്ട് തന്നെ ബ്രിട്ടീഷ് മേൽക്കോയ്മയുടെ കാലത്ത് വെള്ളക്കാരുടെ ആവാസകേന്ദ്രമായിരുന്നു ഇവിടം.

1972 ജനുവരി 21നാണ് മേഘാലയ സംസ്ഥാനം സ്ഥാപിതമാകുന്നത്. അതിനു മുമ്പ് അസംമിന്റെ ഭാഗമായിരുന്ന രണ്ട് ജില്ലകളായിരുന്നു. ഈ മേഖല, ഐക്യഗാസി (United Khasi) ജയ്ന്റിയ (Jaintia Hills), ഗാരോ (Garo Hills) എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രദേശങ്ങൾ ചേർത്താണ് മേഘാലയ രൂപപ്പെടുത്തിയത്. അതിനു മുമ്പ് 1835-ൽ ഘോരവനമായിരുന്ന ഈ പ്രദേശത്തെ ആസമിനോട് ചേർത്തത് ബ്രിട്ടീഷുകാരാണ്. 300 കി.മി. നീളവും 100 കി.മി. വീതിയുമുള്ള ഈ കൊച്ചു സംസ്ഥാനം തെക്ക് അതിർത്തി പങ്കിടുന്നത് അയൽ രാജ്യമായ ബംഗ്ലാദേശിനോടാണ്. 22,429 കി.മീറ്ററാണ് വിസ്തീർണ്ണമുള്ള ഈ സംസ്ഥാനത്തിന്റെ ജനസംഖ്യ 2001-ലെ കണക്കനുസരിച്ച് 2.30കോടിയോളമായിരുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് വനത്തിനുള്ളിൽ ജീവിച്ചിരുന്ന ആദിവാസി ഗോത്രങ്ങളാണ് ഇവിടുത്തെ ജനത. ഗാസി എന്നറിയപ്പെടുന്ന വിഭാഗമാണ് എണ്ണത്തിൽ കൂടുതൽ. തൊട്ടുതാഴെ ഗാരോസ്, മറ്റ് ഗോത്രങ്ങൾ ജയന്റിയാസ്, കൊ.. ഹജോങ്ങ്, ദിമാസ, ഫർ, കുക്കി, ലഗാർ, മിക്കിർ, റാ ബാ എന്നിവയാണ്. എല്ലാ ഗോത്രത്തിനും അവരുടേതായ ഭാഷയുണ്ട്. അതാത് ഗോത്രത്തിന്റെ പേരിലാണ് ഈ ഭാഷകൾ അറിയപ്പെടുന്നത്.



*ഡെവിൾസ് പീക്ക്*

വിഭിന്നമായ ആചാരക്രമങ്ങളുള്ള ഗോത്രങ്ങൾക്ക് സംസ്കാരത്തിന്റെ കാര്യത്തിൽ വലിയ വ്യത്യാസം ഒന്നും ഇല്ല. പെൺവഴി അവകാശം (Matrilineal) എന്നതാണ് ഇവരുടെ സംസ്കാരത്തിൽ കാണുന്ന ഒരുമ. അമ്മ വഴിയുള്ള അ വകാശവും, അമ്മയുടെ സഹോദരനെ വിവാഹം കഴിക്കുന്ന സമ്പ്രദായവും ഇവരുടെ ഇടയിലുണ്ട്. ചിലപ്പോൾ അമ്മയുടെ സഹോദരൻ വസ്തുവകകളും കൈകാര്യം ചെയ്യാൻ നിയമിക്കപ്പെടാറുണ്ട്. എന്നാൽ അവസാന വാക്ക് അമ്മയുടേയോ പ്രായപൂർത്തിയായ പെ ൺമക്കളുടേയോ ആയിരിക്കും. ദേ ശീയ കുടുംബ ആരോഗ്യ സംഘടനയുടെ പുതിയ വെളിപ്പെടുത്തലനുസരിച്ച് ഈ സംസ്ക്കാരം നിലനിർത്താൻ പല കടമ്പകളെ യും അതിജീവിച്ച ലോകത്തിലെ ഏറ്റവും വലിയ സമൂഹമാണ് മേഘാലയിലേത്.



*നാടോടി നൃത്തം*

സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മേഘാലയുടെ ഭൂപ്രദേശങ്ങളിൽ കൽക്കരി, യുറേനിയം മുതലായ ധാതുക്കൾ കൊണ്ട് സംപുഷ്ടമാണ്. അനേക നദികൾ മേഘാലയുടെ വിരിമാറിലൂടെ ഒഴുകുന്നു. ഇന്ത്യൻ എയർ ഫോഴ്സ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ഷിംല്ലോഗ് പീക്കാണ് ഏറ്റവും ഉയർന്ന കുന്ന് 1961 മീറ്ററാണ് ഇതിന്റെ ഉയരം.

7 ജില്ലകളടങ്ങുന്നാണ് മേഘാലയ സംസ്ഥാനം. ഈസ്റ്റ് ഗാരോഹിൽ, ഈസ്റ്റ് ഗാസി ഹിൽസ്, ജയ്ന്റിയ ഹിൽസ്, റിബോയ്, സൗത്ത് ഗാരോഹിൽസ്, വെസ്റ്റ് ഗാരോ ഹിൽസ്, വെസ്റ്റ് ഗാസി ഹിൽസ് എന്നിവയാണ് ജില്ലകൾ.

ഷിംല്ലോഗ് തലസ്ഥാനമായ മേഘാലയുടെ പട്ടണങ്ങളുടെ മുഖഛായയ്ക്ക് ഒരു ബ്രിട്ടീഷ് ചായ്വുണ്ട്. ബ്രിട്ടീഷ് ആഢ്യത്വം നിറഞ്ഞ കെട്ടിടങ്ങൾ, വഴികൾ, ക്രിസ്ത്യൻ പള്ളികൾ..... ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ ക്രിസ്ത്യാനികളുള്ള മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് മേഘാലയയാണ്. 70.3%മാണ് ഇവിടുത്തെ ക്രിസ്ത്യാനികളുടെ കണക്ക്. നാമധേയ ക്രിസ്ത്യാനികളും ബാപ്റ്റിസ്റ്റ് വിഭാഗക്കാരുമാണ് മുഴുവനും. ക്രിസ്ത്യാനികൾ എന്ന് പേരുണ്ടെങ്കിലും ഒരു മൂല്യവും ഇവരുടെ ജീവിതത്തിലില്ല. ഹൈന്ദവരും, പ്രകൃതിയാരാധകരും. മുസ്ലീമും ചേർന്നതാണ് ബാക്കിഭാഗം.

ക്രിസ്ത്യാനികൾ എന്ന് പേരുള്ളവർ കൂടുതലുള്ളതു കൊണ്ടാണോ എന്നറിയില്ല. ഈ അടുത്ത കാലം വരെ ഒരു സുവിശേഷകൻ അവിടെ പ്രവർത്തിക്കുകയോ മറ്റ് പ്രവർത്തനമോ അവിടെ നടന്നിട്ടില്ല. ഈ അടുത്ത സമയത്ത് ഉമ്രിയിൽ വേല ചെയ്തിരുന്ന സുവി. പി. റ്റി. ചാക്കോയുടെ മകൻ തോംപ്സൺ മേഘാലയിൽ പ്രവർത്തനം ആരംഭിച്ചു.

18-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് ബ്രിട്ടീഷ് അധികാരികൾ സുഖവാസ കേന്ദ്രം അന്വേഷിച്ച് മേഘാലയിൽ എത്തുന്നത്. നിബിഢ വനമേഘലയായ ഈ പ്രദേശത്തെ ഒരു ജനാഘർഷണ കേന്ദ്രമാക്കിയതിൽ അവർക്ക് വലിയ പങ്കുണ്ട്. ക്രിസ്തൃനികൾ എന്ന ഒരു സമൂഹത്തേയും അവർ വാർത്തെടുത്തു. എങ്കിലും യഥാർത്ഥ ദൈവഭക്തിയിൽ കൊണ്ടെത്തിക്കാൻ ഇവയ്ക്കായില്ല. മൂല്യം നഷ്ടപ്പെട്ട ഈ ജനത്തെ ക്രിസ്തുവിലേക്ക് അടുപ്പിക്കുവാനും അതുവഴി ക്രിസ്തീയ മൂല്യം ഉറപ്പിക്കുവാനും ആർക്കു കഴിയും? ആർക്കു പോകാൻ കഴിയും? നമുക്ക് പ്രാർത്ഥിക്കാം! അടിയനിതാ! അടിയനെ........

## യു.പി.യിൽ സുവിശേഷകർക്കു നേരെ ആക്രമണം

ഉത്തർപ്രദേശ് സംസ്ഥാനത്തെ ജാൻപൂരിൽ സുവിശേഷ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന സഹോദരന്മാരെ ജീപ്പു തടഞ്ഞു നിർത്തി സുവിശേഷ വിരോധികൾ ക്രൂരമായി മർദ്ദിച്ച സംഭവം റിപ്പോർട്ട് ചെയ്യപ്പെടുന്നു. സുവി. പി.കെ. യോഹന്നാന്റെ (ബറേലി) നട്ടെല്ലിനു പരുക്കേറ്റിട്ടുണ്ട്.

സുവിശേഷകന്മാരായ വർഗീസ് എബ്രഹാം (കാൻപൂർ), ഡേവിഡ് തോമസ് (ലക്നോ), പി.എ. സാമു (അലഹബാദ്) എന്നിവരും കഠിനമായ മർദ്ദനമേറ്റു. ദൈവജനത്തിന്റെ അടിയന്തിര പ്രാർത്ഥന ആവശ്യമാണ്.

## ഉൾപേജിൽ


തിരുവത്താഴം .............................. 2
ചിൽഡ്രൻസ് ക്ലബ് .............................. 2
കാലം പുറകോട്ട് .............................. 3
വിവാഹ വേദി .............................. 3
പ്രശ്നപരിഹാരം .............................. 3


## പ്രത്യേക പ്രാർത്ഥനയ്ക്ക്

പൊള്ളാച്ചി നരിക്കൽപതി ആദിവാസി കോളനിയിലെ ആരാധനാ കൂടിവരവ് ചില നാളുകൾക്ക് മുമ്പ് സുവിശേഷ വിരോധികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവെച്ചിരിക്കുന്ന കാര്യം റിന്യൂവൽ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു. എൺപതിനായിരം രൂപ മുടക്കി സഭാഹാളിനായി അവിടെ വാങ്ങിയ വസ്തുവും വീടും ആദിവാസി പട്ടയ ഭൂമിയാണെന്ന കാരണത്താലാണ് ആരാധന സ്വാതന്ത്ര്യം നിഷേധിച്ചത്. അത് വിറ്റ് മറ്റൊരു സ്വകാര്യ സ്ഥലം വാങ്ങുവാനുള്ള ശ്രമം നടക്കുന്നതിനിടയ്ക്ക് സുവി. ഷാജി. ജെ. പോൾ ആദിവാസി കോളനിയിൽ വാടകയ്ക്കെടുത്ത് താമസിക്കുന്ന വീട്ടിൽ ആരാധന ആരംഭിച്ചു. അതേ തുടർന്ന് സുവിശേഷ വിരോധികളായ ചിലർ ഷാജിയുടെ ഭവനത്തിൽ വരികയും തന്നെ മർദ്ദിക്കയും ഭീഷണിപ്പെടുത്തുകയും ചെയ്തു. 13 കി.മി. ദൂരെ പോയി പഠിക്കുന്ന തന്റെ പിഞ്ചു കുഞ്ഞുങ്ങൾക്കുവരെ ഭീഷണി നേരിടേണ്ടി വന്നു. 12 പേർ ഈ പ്രദേശത്തു നിന്നു രക്ഷിക്കപ്പെട്ട് മുന്നോട്ടു വന്നിട്ടുണ്ട്. ഈ അവസ്ഥയിൽ എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുകയാണ് ഇവിടുത്തെ വിശ്വാസികളും സുവിശേഷകനും. ദൈവം അത്ഭുതം പ്രവർത്തിക്കുവാൻ ദൈവമക്കളുടെ പ്രാർത്ഥന അത്യന്താപേക്ഷിതമാണ്.

# എസ്.എസ്.എൽ. ക്യാമ്പ്

പത്താംക്ലാസ് പരീക്ഷയെഴുതിയ കുട്ടികൾക്കായ് എല്ലാവർഷവും നടക്കുന്ന എസ്.എസ്.എൽ. ക്യാമ്പ് ഈ വർഷവും ഏപ്രിൽ 2 മുതൽ 7 വരെ അങ്കമാലിയിലും, അടൂരും നടന്നു. പത്താം ക്ലാസ് പഠനം പൂർത്തിയാക്കിയവർക്കായ് കലാലയ ജീവിതത്തിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്ന ഈ ക്യാമ്പ് ആരംഭിച്ചത് 1989-ൽ ആണ്. രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ ആരംഭിച്ച് ഈ ക്യാമ്പ് അനേകവർഷങ്ങൾ കേരളത്തിൽ ഒരിടത്തുമാത്രമെ നടന്നിരുന്നുള്ളൂ. എന്നാൽ 2004 മുതൽ ക്യാമ്പിൽ പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം രണ്ട് സ്ഥലങ്ങളിലായി നടന്നു വരുന്നു. ഇപ്രാവശ്യം എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകൾക്കുവേണ്ടി അങ്കമാലി കറുക്കുറ്റി അസിസ്സീ ശാന്തികേന്ദ്രയിലും കോട്ടയത്തിന് തെക്കോട്ടുള്ള ജില്ലകൾക്കു വേണ്ടി, അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വെച്ചുമാണ് നടന്നത്.

രണ്ട് ക്യാമ്പുകളിലും അനേക കുട്ടികൾ രക്ഷിക്കപ്പെടുവാനും ചില കുട്ടികൾ സ്നാനപ്പെടുവാനും തീരുമാനങ്ങൾ എടുത്തു. പുതിയ പഠനരീതിയോട് സാമ്യം പുലർത്തുന്ന വിധത്തിൽ സിലബസ് പുനഃക്രമീകരിച്ചാണ് ക്യാമ്പിൽ ക്ലാസുകൾ എടുത്തത് ചില വിഷയങ്ങൾ പൊതുവായും ചിലത് ഗ്രൂപ്പുകളായി തിരിച്ചും ആണ് ക്ലാസ്സുകൾ എടുത്തത്.



*സുവി. ജോർജ്ജ് മാത്യു (മൈക്കാവ്) ക്ലാസ്സെടുക്കുന്നു*

ഗോവയിലെ ഒരു യൂണിവേഴ്സിറ്റി റീഡറായ സഹോ. ഡോ. ജോജൻ മാത്യു കരിയർ ഗൈഡൻസ് ക്ലാസുകൾ എടുത്തു.



*എസ്.എസ്.എൽ. ക്യാമ്പിൽ പങ്കെടുത്തവർ*

കൂടാതെ കരിയർ പ്രൊഫയിൽ അവതരിപ്പിച്ചത് കുട്ടികൾക്ക് ഒരു പുതുമയായി. തങ്ങളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ മേഖലയെ ഒരു പരിധി വരെ മനസിലാക്കുവാൻ കഴിഞ്ഞെന്ന് പങ്കെടുത്ത ചില കുട്ടികൾ പറഞ്ഞു. കരിയർ ബൂത്തുകളും ഉണ്ടായിരുന്നു. രക്ഷയും രക്ഷാനിർണ്ണയവും, ദൈവഹിതം കണ്ടെത്തുന്നത് എങ്ങനെ, മാതാപിതാക്കളോടുള്ള മനോഭാവം, സഭയും യുവജനങ്ങളും, ശാന്തസമയം എടുക്കുന്നതെങ്ങനെ, എങ്ങനെ നന്നായി പഠിക്കാം തുടങ്ങിയ ക്ലാസുകളും കൂടാതെ ചർച്ചകൾ, ഗെയിംസ് എന്നിവയിലും കുട്ടികൾ സജീവമായി പങ്കെടുത്തു. ഈ ക്യാമ്പുകളിൽ യുവതി യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കുവാൻ പ്രത്യേക പരിശാലനം ലഭിച്ച സഹോദരീ സഹോദരന്മാർ നേതൃത്വം നൽകി. നമ്മുടെ സ്ഥലം സഭകളിൽ ആത്മീയ ചലനമുണ്ടാക്കാൻ 1989 മുതൽ നടന്നു വരുന്ന ഈ ക്യാമ്പുകൾക്കു കഴിയുന്നു എന്നോർത്ത് ദൈവത്തെ സ്തുതിക്കാം!

**പഴയ താളുകൾ**

# തിരുവത്താഴം

**കർതൃദാസൻ വൈ. എസക്കിയേൽ എഴുതിയ ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്. പേജ് 24...**

..... ഇതു നമ്മുടെ അത്താഴമല്ല; കർത്താവിന്റെ അത്താഴമാണ്. കർത്താവിന്റെ അന്ത്യഅത്താഴത്തോടു ചേർത്തു ഇത് ആചരിച്ചതുകൊണ്ടും വിശ്വാസത്താൽ കർത്താവിനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിന്റെ അടയാളമായിരിക്കുന്നതു കൊണ്ടും കർത്താവിന്റെ അത്താഴം എന്നു നാമകരണം ചെയ്തിരിക്കുന്നു.

'അത്താഴം' എന്നു പറയുന്നതിനാൽ രാത്രി ആചരിക്കണമെന്നു ശഠിച്ചാൽ 'കർത്താവിന്റെ മേശ' എന്നു പറയുന്നതിനാൽ, പ്രത്യേക മേശ ഇതിന്നായി ഉണ്ടാക്കണമെന്നോ, മേശയിൽവെച്ചു തന്നെ ഇതു ഭക്ഷിക്കണമെന്നോ ശഠിക്കേണ്ടതായ് വരും. അങ്ങനെ പറയുന്നവർ 'അപ്പം നുറുക്കൽ' എന്ന് ഇതിനെക്കുറിച്ച് തിരുവെഴുത്തിൽ പറയുന്നതിനാൽ വീണ്ടുകൂടാതെയും അതു അനുഷ്ഠിക്കാം എന്നു പറയണം.

മാത്രമല്ല, ഇത് ഇന്നദിവസം ആചരിക്കണമെന്നോ ഇന്ന സമയം ആചരിക്കണമെന്നോ കർത്താവോ, അപ്പോസ്തലന്മാരോ കല്പിച്ചിട്ടില്ല എന്ന് അറിഞ്ഞിരിക്കണം. ഞായറാഴ്ച ചെയ്തുവരുന്നത് ഒന്നാം നൂറ്റാണ്ടിനെ തുടർന്നുള്ള ആചരണവുമായിരിക്കുന്നതല്ലാതെ കല്പനയായിരിക്കുന്നില്ല. "ചെയ്യുമ്പോഴൊക്കെയും" എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും സ്ഥലകാലങ്ങൾക്കൊത്തവണ്ണം സൗകര്യാനുസരണം ആചരിക്കാം എന്ന അനുവാദം ഉണ്ടെന്നതു വെളിവാകുന്നു. അതിനാൽ ഈ ആചരണത്തിനുള്ള ദിവസം, സമയം ഇവയെക്കുറിച്ചു ഖണ്ഡിതമായ കല്പന വെക്കുന്നതു വചനാനുസരണമല്ല. കർത്താവിന്റെ ശരീര രക്തങ്ങളുടെ ഓർമ്മയും അതു കാണിക്കുന്ന സഭയുടെ കൂട്ടായ്മയും യുക്തംപോലെ ചെയ്യാവുന്നതല്ല. അവയാണ് ഈ കർമ്മത്താൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഒന്നാം നൂറ്റാണ്ടിൽ വിശ്വാസികളിൽ പലരും അടിമകളായിരുന്നു. അവർക്കും കൂടെ കൂടുവാനുള്ള സൗകര്യം അനുസരിച്ചു രാത്രികാലങ്ങളിൽ സഭ കൂടിവന്നു. അതിനാൽ കർതൃമേശയും രാത്രിയിൽ ആചരിച്ചു വന്നു എന്നേയുള്ളൂ. അതു ഞായറാഴ്ച രാത്രിയിലല്ല,

**മാത്രമല്ല, ഇത് ഇന്നദിവസം ആചരിക്കണമെന്നോ ഇന്ന സമയം ആചരിക്കണമെന്നോ കർത്താവോ, അപ്പോസ്തലന്മാരോ കല്പിച്ചിട്ടില്ല എന്ന് അറിഞ്ഞിരിക്കണം. ഞായറാഴ്ച ചെയ്തുവരുന്നത് ഒന്നാം നൂറ്റാണ്ടിനെ തുടർന്നുള്ള ആചരണവുമായിരിക്കുന്നതല്ലാതെ കല്പനയായിരിക്കുന്നില്ല.**

ശനിയാഴ്ച രാത്രിയിലാണ് ആചരിച്ചു വന്നതും. യഹൂദന്മാർ ദിവസം കണക്കാക്കുന്നതു സന്ധ്യമുതൽ സന്ധ്യവരെയാണ്. അതിനാൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ശനിയാഴ്ച സന്ധ്യക്ക് 6 മണിമുതൽ ഞായറാഴ്ച സന്ധ്യക്ക് 6 മണിവരെയാകുന്നു. ഞായറാഴ്ച രാത്രി ആഴ്ചവട്ടത്തിന്റെ രണ്ടാം ദിവസമാണ്.

മത്താ. 26:26-29; മർക്കോ 14:22-25; ലൂക്കോ. 22:19, 20; 1 കൊരി. 106:16, 19; 11:23-31. ഇത്രയും ഭാഗങ്ങൾ വായിച്ചാൽ ഇതിന്റെ ഉപദേശം, ആചരണരീതി മുതലായവ കാണുവാൻ കഴിയും. ഇവയിൽ ചില വാചകങ്ങൾ ഉദ്ധരിക്കാം.

## അതു ഞായറാഴ്ച രാത്രിയിലല്ല, ശനിയാഴ്ച രാത്രിയിലാണ് ആചരിച്ചു വന്നതും.

"അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ; ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ: ഇതും അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം."

"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു; ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു."

"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്നാക കൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ."

"...... അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റകാരൻ ആകും...."

കർത്താവിന്റെ ശരീരത്തെയും രക്തത്തെയുമാണ് ഇതു കുറിക്കുന്നത്. എന്നുവെച്ചാൽ, രക്തം ചൊരിഞ്ഞു കൊണ്ടുള്ള കർത്താവിന്റെ മരണത്തെ ഇതു കാണിക്കുന്നു. തന്റെ മരണത്തിൽ രക്തം മുഴുവൻ ശരീരത്തിൽ നിന്നും വാർന്നു പോയി ശരീരവും രക്തവും രണ്ടായി പിരിഞ്ഞു. അതുകൊണ്ടാണ് ഇവ രണ്ടിനെയും പ്രതിനിധീകരിക്കുന്ന രണ്ടുവസ്തുക്കളെയും അപ്പവും വീഞ്ഞും രണ്ടായി കൊടുക്കുന്നത്. അതിനാൽ ഇവ രണ്ടും രണ്ടായി ആചരിക്കപ്പെടുന്നു.

# രാജ്യത്തിനു വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിക്കാം

ദൈവമക്കളുടെ പ്രാർത്ഥന ചരിത്രം മാറ്റിമറിക്കുവാൻ പര്യാപ്തമായതാണ്. സ്വർഗ്ഗീയ പൗരന്മായിരിക്കുമ്പോൾ തന്നെ നാം അധിവസിക്കുന്ന ദേശത്തെ പൗരന്മാരുമാണെന്ന കാര്യം മറക്കരുത്. സർവ്വജ്ഞാനിയും സർവ്വശക്തനുമായ ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ പ്രാർത്ഥനയിലൂടെ രാജ്യത്തിനു വ്യത്യാസം വരുത്താനാണ്. രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി പ്രാർത്ഥിക്കാൻ നമുക്കു കല്പന നൽകപ്പെട്ടിരിക്കുന്നു. 1 തിമോ. 2:1,2 പൗലോസ് ഇക്കാര്യം പറയുമ്പോൾ നീറോ ചക്രവർത്തിയുടെ കൊടും ക്രൂരതയിൽ വിശ്വാസികൾ വീർപ്പുമുട്ടുന്ന സാഹചര്യമായിരുന്നു. എ.ഡി. 64ൽ റോമിനെ നശിപ്പിച്ച അഗ്നിബാധയുടെ കാരണം ക്രിസ്ത്യാനികളുടെ മേൽ ചാരി റോമാ സാമ്രാജ്യത്തിലുടനീളം വലിയ പീഢ അഴിച്ചുവിട്ടു.

നാം പ്രാർത്ഥിക്കുമ്പോൾ എപ്രകാരമാണ് വ്യത്യാസം വരുന്നതെന്ന് നമുക്കറിയില്ലെങ്കിലും ഫലമുണ്ടാകും എന്നത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ തമിഴ്നാട് നിയമസഭാ തെരെഞ്ഞെടുപ്പിലും ലോക്സഭാ തെരെഞ്ഞെടുപ്പിലും അതു കണ്ടതാണ്. ഒരു രാഷ്ട്രീയപാർട്ടിയോടും പ്രത്യേക വിധേയത്വമോ എതിർപ്പോ നമുക്കില്ല. അവരെല്ലാവരും ദൈവത്തെ ഭയപ്പെടണം, ദൈവജനത്തിനു സ്വാതന്ത്ര്യം ലഭിക്കണം ഇതാണ് നമ്മുടെ ആവശ്യം.

നമ്മുടെ ജീവിതം സ്വൈര്യമായും സമാധാനപരമായും പോകുമ്പോൾ അധികാരസ്ഥന്മാർക്കു വേണ്ടി പ്രാർത്ഥിക്കാൻ അധികമാരും ശ്രദ്ധിക്കാറില്ല. പക്ഷേ നല്ല ഭരണകൂടം താനേ വന്നുകൊള്ളും എന്നു വിചാരിക്കരുത്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമല്ല ഏതു സമയത്തും പ്രാർത്ഥയിൽ നമുക്കു പോരാടേണ്ടതായുണ്ട്. കർണ്ണാടകയിൽ തെരഞ്ഞെടുപ്പ് മെയ് മാസത്തിൽ വിവിധ ഘട്ടങ്ങളായി നടക്കുകയാണ്. കർണ്ണാടകയുടെ പല ഭാഗത്തും ദൈവജനത്തിന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട് എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സുവിശേഷ സ്വാതന്ത്ര്യം നൽകുന്ന ഒരു ഗവൺമെന്റ് അവിടെ അധികാരത്തിൽ വരണമെങ്കിൽ നാം പ്രാർത്ഥിച്ചേ മതിയാകൂ. സുവിശേഷ താൽപര്യമില്ലാത്ത നാമധേയ ക്രൈസ്തവ സഭകൾ ഏതളവുവരെയും ഒത്തു തീർപ്പുകൾക്ക് തയ്യാറാകുമ്പോൾ നാം പ്രാർത്ഥിച്ചില്ലെങ്കിൽ സ്ഥിതി എന്താകും?

നമ്മുടെ രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് ഏതു സമയത്തും നടക്കാൻ സാദ്ധ്യതയുണ്ട് എന്ന യാഥാർത്ഥ്യം കണക്കിലെടുക്കണം. നാം പ്രാർത്ഥിക്കുകയും രാജ്യം സുവിശേഷീകരിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ എങ്ങനെയാണ് സ്വൈര്യവും സമാധാനവും ലഭിക്കുക.

ഭാരത ജനസംഖ്യയിൽ ഔദ്യോഗികമായി മൂന്നു ശതമാനമേ ക്രിസ്ത്യാനികൾ ഉള്ളൂവെങ്കിലും നമുക്കു പ്രതീക്ഷയ്ക്കു വകയുണ്ട്. 'ഉലകമഹാന്മാരഖിലരുമൊരുപോൽ ഉറങ്ങുന്നു കല്ലറയിൽ.... നമ്മളുന്നതനേശു മഹേശ്വരൻ മാത്രം ഉയരത്തിൽ ജീവിക്കുന്നു'. ആ കർത്താവിന്റെ നാമത്തിൽ രാജ്യത്തിനുവേണ്ടി നമുക്ക് 'ഇടിവിൽ' നിൽക്കാം.

*— എഡിറ്റർ*

*കൊച്ചു കൂട്ടുകാർക്കായ്*
**ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രിയുടെ** *ഉപഹാരം*



**യേശുനാഥന്റെ കുഞ്ഞുവാവ**

5 ഡേ വി.ബി.എസ്സിലൂടെ
കുട്ടികൾ പാടി ഹൃദയത്തിലേറ്റിയ
ഗാനങ്ങൾ പുതിയ താളവാദ്യങ്ങളോടെ.

**Best of 5 Day VBS Songs**

**തെരഞ്ഞെടുക്കപ്പെട്ട 21 ഗാനങ്ങൾ**

*വീണ്ടും വീണ്ടും കേൾക്കാൻ !!*
*വീണ്ടും വീണ്ടും പാടാൻ !!!*

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ : 9447341237
9895710910



## ചിൽഡ്രൻസ് ക്ലബ്ബ്

# രണ്ടാം മൈൽ ക്ലബ്




*സൂസിയും ജെസിയും നല്ല കൂട്ടുകാരായിരുന്നു. രണ്ടുപേരും യേശുകർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ചവർ. പക്ഷെ രണ്ടുപേരുടേയും വീട്ടിൽ നിന്ന് മറ്റാരും സഭയിൽ പോകുന്നവർ ആയിരുന്നില്ല. "ജെസ്സി" ഒരു ദിവസം സൂസി പറഞ്ഞു "കഴിഞ്ഞ ആഴ്ച സണ്ടേസ്ക്കൂളിൽ ടീച്ചർ പറഞ്ഞതു പോലെ നമ്മുക്കൊരു "രണ്ടാം മൈൽ ക്ലബ്ബ്" തുടങ്ങാം."*

*"രണ്ടാം മൈൽ ക്ലബ്ബോ, എങ്ങനെ?" ജെസ്സി ചോദിച്ചു. അതായത് ബൈബിളിൽ മത്തായി 5:40,41-ൽ പറയുന്നതു പ്രാവർത്തികമാക്കുക. ആരെങ്കിലും നമ്മോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ അവർ ചോദിക്കുന്നതിലും കൂടുതൽ ചെയ്യുക" സൂസി പറഞ്ഞതു കേട്ട് ജെസ്സി പരിഭവിച്ചു. "എന്റെ ആങ്ങള അവന്റെ സ്ക്കൂളിൽ നിന്ന് അവന്റെ പുസ്തകങ്ങൾ കൊണ്ടുവരാൻ പറഞ്ഞാൽ ഞാൻ ചെയ്യണമെന്നോ?" സൂസി തുടർന്നു. "അതു മാത്രമല്ല അവന്റെ ടിഫിൻ ബോക്സും എടുത്തോളാമെന്ന് പറയുക. മമ്മി എന്നോട് പാത്രം കഴുകാൻ പറഞ്ഞാൽ അതു ചെയ്യുന്നതു കൂടാതെ തറ തൂത്തു വൃത്തിയാക്കുക കൂടി ചെയ്യുക! ഞാൻ പറഞ്ഞതു മനസ്സിലായോ ജെസ്സീ! നമ്മോടു പറഞ്ഞതു കൊണ്ട് ആദ്യത്തെ 'മൈൽ' പോകുന്നു. രണ്ടാമത്തെ മൈൽ നമ്മൾ ആഗ്രഹിക്കുന്നതകൊണ്ട്."*

*ജെസ്സി പറഞ്ഞു "എനിക്കു തോന്നുന്നില്ല. എനിക്കാഗ്രഹമുണ്ടെന്ന്. പക്ഷേ അതു രസകരമായിരിക്കും." സൂസി തുടർന്നു. എല്ലാവർക്കും അതിശയം തോന്നു. പിന്നെ ജെസ്സീ, യേശുകർത്താവിന്റെ സ്നേഹം നമ്മുടെ വീട്ടിലുള്ളവരോട് കാണിക്കണമെന്ന് നമ്മൾ പറയാറില്ലേ? പക്ഷേ നാം ഒന്നും ചെയ്യാറില്ലല്ലോ. ഇതു നമുക്ക് ഒരാഴ്ച ചെയ്തു നോക്കാം. സൂസിയും ജെസ്സിയും ആദ്യദിവസങ്ങളിൽ അപ്രകാരം ചെയ്തെങ്കിലും വലിയ ഫലം കണ്ടില്ല. പക്ഷെ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ജെസ്സിയുടെ ഡാഡി അവളുടെ പെരുമാറ്റത്തിൽ വന്ന മാറ്റത്തെ അഭിനന്ദിച്ചു. മാത്രമല്ല, മമ്മി ഡാഡിയോടു പറയുന്നത് അവൾ കേട്ടു "അടുത്തയാഴ്ച ജെസ്സിയുടെ കൂടെ സഭയിലെ യോഗത്തിനു പോകണമെന്ന് എനിക്കാഗ്രഹമുണ്ട്." ജെസ്സിയുടെ സഹോദരൻ ടിമ്മിക്കു വലിയ ആശ്ചര്യം. "ഇവൾ എന്തൊക്കെയോ ഉദ്ദേശിക്കുന്നുണ്ടല്ലോ." അവൻ ചിന്തിച്ചെങ്കിലും എന്തായിരിക്കും അതെന്നും പിടികിട്ടിയില്ല.*

*സൂസിയുടെ വീട്ടിലാണെങ്കിൽ അവളുടെ ഡാഡി പറയുന്നതു കേട്ടു "സൂസിയുടെ ജീവിതം ശരിക്കും മാറ്റമുള്ളതാണ്. അവൾ പറയുന്നതായിരിക്കും ശരി" നമുക്ക് നോക്കാം. ഒരാഴ്ച കഴിഞ്ഞ് സൂസി ജെസ്സിയോടു ചോദിച്ചു. ഇപ്പോൾ കുറെ ദിവസമായല്ലോ. ഇതു നിർത്തണം എന്ന് നിനക്ക് തോന്നുന്നു? അതിശയത്തോടെ ജെസ്സി, "എന്ത്! നിർത്താനോ? യേശു കർത്താവ് പറഞ്ഞില്ലല്ലോ ഇത് ഒരാഴ്ച മാത്രം ചെയ്താൽ മതിയെന്ന്. നമ്മുടെ ജീവിതകാലം മുഴുവൻ ഇപ്രകാരം ജീവിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നുണ്ട്." സൂസി തല കുലുക്കി "ശരിയാ ഇടയ്ക്കു ബുദ്ധിമുട്ട് തോന്നിയാലും തുടർന്നും ചെയ്യാൻ നമുക്ക് പരിശ്രമിക്കാം."*

### *നിങ്ങൾ എങ്ങനെയാണ്?*

*നിങ്ങൾക്കും രണ്ടാം മൈൽ ക്ലബ്ബിൽ ചേരാൻ താല്പര്യമുണ്ടോ? ആകെ കൂടി ചെയ്യേണ്ടത് 'അല്പം കൂടുതൽ.' ഉടനെ ഫലം കണ്ടില്ലെങ്കിലും നിരാശപ്പെടരുത്. ഒരാഴ്ചത്തേക്ക് ശ്രമിച്ചു നോക്കാം എന്താ? "ആയുഷ്കാല മെമ്പർ" ആകാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം.*

*മനഃപാഠ വാക്യം - മത്തായി 5:41.*

*ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടു കൂടെ പോക. മത്തായി 5:41.*

***കടപ്പാട് - ജി.എം.***

വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും - Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ - Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് - കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ - വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ - തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് - ഷോംബെ പുത്തൂരാൻ
പബ്ലിഷർ & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് - ടെൻസൻ ജോസഫ്.



YOUTH GUIDE

# കാലം പുറകോട്ട് നടന്നിരുന്നെങ്കിൽ!

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ഇക്കഴിഞ്ഞ ഓസ്ട്രേലിയൻ പര്യടനം വിവാദ പ്രസ്താവനകൾക്കൊണ്ടും വംശീയാധിക്ഷേപ ആരോപണങ്ങൾകൊണ്ടും നിറഞ്ഞതായിരുന്നു. ഇന്ത്യൻ ടീം ചരിത്രവിജയം കുറിച്ച ഈ പരമ്പരയ്ക്കൊടുവിൽ ഓസ്ട്രേലിയൻ താരം മാത്യു ഹെയ്ഡൻ ഇന്ത്യൻ കളിക്കാരൻ ഹർബജൻ സിംഗിനെ ''ഒന്നിനും കൊള്ളാത്ത കള'' എന്ന് വിളിച്ച് അവസാനവെടി പൊട്ടിച്ചു. വിജയ പ്രകടനത്തിനിടയിലും ഈ പരാമർശം ഇന്ത്യൻ ടീമിനെയും ആരാധകരെയും ചൊടിപ്പിച്ചു. എന്നാൽ ഒരു മാസം കഴിഞ്ഞപ്പോൾ മാത്യു ഹെയ്ഡൻ താൻ പറഞ്ഞ വാക്കുകളെ ഓർത്ത് പരിതപിച്ചു. ഓസ്ട്രേലിയൻ പത്രമായ കൊറിയർ മെയിലിന് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. “ഞാൻ ഹർബജനെ കള എന്ന് വിളിച്ചത് തെറ്റായിപ്പോയി. അദ്ദേഹത്തെ എന്റെ വാക്കുകൾ എത്ര വിഷമിപ്പിച്ചു കാണും”.

ചരിത്രം പരിശോധിച്ചാൽ വിജയിക്കാനുള്ള വ്യഗ്രതയിൽ തെറ്റു ചെയ്ത അനേക പ്രഗല്ഭ വ്യക്തികളെ കാണാം. ഫുട്ബോൾ മാന്ത്രികൻ മറഡോണ താൻ ചെയ്ത ഒരു തെറ്റിന് മാപ്പ് പറഞ്ഞ് കൊണ്ട് പ്രസ്താവന ഇറക്കി. 1986 ജൂൺ 22ന് മെക്സിക്കോയിൽ വെച്ച് ഇംഗ്ലണ്ടിനെതിരെയുള്ള സെമിഫൈനലിലെ ‘ദൈവത്തിന്റെ ഗോൾ’ എന്ന ലോക ഫുട്ബോളിലെ വിവാദ ഗോൾ തന്നെയാണ് വിഷയം. അന്നത്തെ ആ ഗോൾ ദൈവത്തിന്റെ ഗോളായിരുന്നില്ല തന്റെ കൈകൊണ്ട് തട്ടിയിട്ട ഗോളായിരുന്നെന്ന് അദ്ദേഹം സമ്മതിച്ചു. അതേ തുടർന്ന് അദ്ദേഹം ഇങ്ങനെ പറഞ്ഞു. “ചരിത്രത്തിന് പിന്നോട്ട് നടക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ, ആ ഗോൾ എന്റെ കൈകൊണ്ട് നേടിയതാണെന്നും, അത് ഗോളായി പരിഗണിക്കേണ്ടെന്നും പറയുമായിരുന്നു”

തെറ്റ് ചെയ്തതിനു ശേഷമുള്ള സമ്മർദ്ദവും പിരിമുറുക്കമാണ് ഇവരെ മാപ്പപേക്ഷിക്കുവാൻ നിർബന്ധിതരാക്കിയത്. ഇത്രയും നാൾ പേറിയിരുന്ന കുറ്റബോധത്തിന്റെ ഭാരം ഇറക്കി വെച്ച ആശ്വാസമായിരിക്കും ഇപ്പോൾ അവർ അനുഭവിക്കുന്നത്. തെറ്റുകൾ മാനസീക സമ്മർദ്ദത്തിൽ ആഴ്ത്തും എന്നതിൽ സംശയമില്ല. മോഷണം തൊഴിലായി സ്വീകരിച്ചിരുന്ന ഒരാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനു ശേഷം ഒരു പരസ്യയോഗത്തിൽ തന്റെ സാക്ഷ്യത്തിനിടയ്ക്ക് ഇങ്ങനെ പറഞ്ഞു. “തെറ്റുകൾ ശീലമാക്കിയിരുന്ന ഞാൻ ആ കാലങ്ങളിൽ അനുഭവിച്ചിരുന്ന സമ്മർദ്ദം പറഞ്ഞറിയിക്കുവാൻ കഴിയുന്നതല്ല. അതെന്നെ മദ്യത്തിനും മയക്കുമരുന്നിനും അടിമയാക്കി.”

ശരിയുടെയും തെറ്റിന്റെയും അനുഭവങ്ങൾ രണ്ടും രണ്ടാണ്. ശരി ചെയ്യുമ്പോൾ ആശ്വാസവും സമാധനവും ലഭിക്കുമ്പോൾ തെറ്റിന്റെ അനുഭവം സമ്മർദ്ദവും മാനസീക പിരിമുറുക്കവും ആണ്. ഇതിൽ നിന്ന് രക്ഷ നേടുവാൻ ഏക പോംവഴി തെറ്റുകൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക എന്നതാണ്. ദാവീദ് തന്റെ തെറ്റുകളെ മനസിലാക്കിയപ്പോൾ ദൈവ മുമ്പാകെ വീണ് ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചതായും നാം കാണുന്നു. മാത്രമല്ല യോഹന്നാൻ എഴുതിയ ലേഖനത്തിലും ‘നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ...’ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തെറ്റുകൾ ചെയ്തതിനുശേഷമുള്ള സമ്മർദ്ദം ഒരു വടവൃക്ഷ ത്തിന്റെ വേരുകൾ ആ പ്രദേശത്തെ വരിഞ്ഞുമുറക്കി ഒതുക്കുന്നതുപോലെ നമ്മെ ഞെരുക്കും. എന്നാൽ തെറ്റുകൾ ഏറ്റു പറഞ്ഞാൽ ക്രിയാത്മകമായി പ്രവർത്തിക്കുവാനും ആത്മീക നിലവാരം ഉയർത്തുവാനും നമുക്ക് കഴിയും.

മനഃപൂർവ്വികമായി തെറ്റുകളിലേക്ക് ചെന്ന് വീഴാതിരിക്കുവാൻ നാം ശ്രദ്ധിക്കണം. കുറെക്കാലം കഴിഞ്ഞ് അന്ന് ചെയ്തു പോയ തെറ്റ് ചെയ്യരുതായിരുന്നുവെന്നും കാലം പിറകോട്ടു നടന്നിരുന്നുവെങ്കിൽ തിരുത്തുമായിരുന്നു എന്നും പരിതപിക്കാൻ ഇടയാക്കരുത്.

*— ടെൻസൻ ജോസഫ്*





**ഔവർ വിഷൻ പ്രസിദ്ധീകരണങ്ങൾ**

ഏറ്റവും പുതിയ പുസ്തകം

**ആരാധനാ രഹസ്യങ്ങൾ**

പ്രധാന എഴുത്തുകാർ
ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ചാക്കോ

പ്രമുഖ സഹോദരൻമാരുടെ അഭിപ്രായങ്ങൾ! കർത്തൃദാസൻമാരായ എ.പി. ഗിബ്സ്, വൈ. എസക്കീയേൽ തുടങ്ങിയവരുടെ പുസ്തകങ്ങളിൽനിന്നുള്ള സുപ്രധാന ഉദ്ധരണികൾ !

**പുസ്തക ശാലയ്ക്കും 10 പുസ്തകങ്ങളിൽ കൂടുതൽ വാങ്ങുന്നവർക്കും ഡിസ്ക്കൗണ്ട്!**

**അനവധി പുതുമകളോടെ ! കോപ്പികൾ ഉടൻ ബുക്ക് ചെയ്യുക!**

*കൂടുതൽ വിവരങ്ങൾക്ക്*
**Our Vision**, MRA 19A, Madathuvila Lane, Medical College PO
Trivandrum - 695 011. Phone : 9447341237, 9447414222


## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 771 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5’3” ഉയരം. B.Sc. നേഴ്സ്. ജോലിയുണ്ട്.

**RM No : 772 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5’1” ഉയരം. M.Sc. B.Ed. (Physics) ജോലിയുണ്ട്.

**RM No : 773 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5’7” ഉയരം. B.Sc. Nurse അയർലന്റിൽ ജോലി. മെയ് മാസം നാട്ടിൽ വരുന്നു.

**RM No : 774 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’4” ഉയരം. ബാംഗ്ലൂരിൽ ജോലി.

**RM No : 775 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’3” ഉയരം. B.Sc.

**RM No : 776 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5’5” ഉയരം. M.Sc., Bio-Chemistry ബാംഗ്ലൂരിൽ ജോലി.

**RM No : 777 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’5” ഉയരം. ജനറൽ നേഴ്സ്. (NMC) യു.കെ.യിൽ ജോലി. ജൂലൈയിൽ നാട്ടിൽ വരുന്നു.

**RM No : 778 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’3” ഉയരം. അമേരിക്കയിൽ ജോലി.

**RM No : 779 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5’1” ഉയരം. MCA ജോലിയുണ്ട്.

**RM No : 780 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട യുവതി 30 വയസ്സ് 5’2” ഉയരം. SSLC.

**RM No : 781 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5’5” ഉയരം. B.Com. Computer. മുംബൈയിൽ ജോലി.

**RM No : 782 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 22 വയസ്സ് 5’4” ഉയരം. M.Sc. Student. ജോലിയുണ്ട്.

### WANTED BRIDE

**RM No : 783 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 34 വയസ്സ് 5’7” ഉയരം. PDC. ഗൾഫിൽ മിനിസ്ട്രി ഹോസ്പിറ്റലിൽ ജോലി. അടുത്തമാസം നാട്ടിൽ വരും.

**RM No : 784 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 26 വയസ്സ് 5’11” ഉയരം. MBA ബാംഗ്ലൂരിൽ ജോലി.

**RM No : 785 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5’8” ഉയരം. PDC, Software DP, ICICI ബാങ്കിൽ ജോലി.

**RM No : 786 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5’10” ഉയരം. B.A. (Enginering Interior) ഓസിട്രേലിയയിൽ ജോലി. മെയ് മാസം നാട്ടിൽ വരും.

**RM No : 787 -** Born again baptized Brethren Boy 29/165 System Administrator. Working in US based believers company. Having slight deformity on Right Leg.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

കുടുംബ വേദി



# പ്രശ്നപരിഹാരം!

### പ്രശ്നങ്ങളുടെ മുഖ്യകാരണങ്ങൾ

**1. അന്യോന്യം മനസ്സിലാക്കാതെ പോകുന്നത്**

പങ്കാളിയുടെ ശക്തിയും ബലഹീനതയും മനസ്സിലാക്കാൻ സമയവും താൽപര്യവും എടുക്കുക. മനഃശാസ്ത്രപരമായ വ്യത്യാസങ്ങളും അറിയാൻ ശ്രമിക്കണം (1 പത്രോസ് 3:7)

**2. ശരിയായ ആശയ വിനിമയത്തിന്റെ അഭാവം**

തുറന്ന് സംസാരിക്കാൻ സമയവും സൗകര്യവും ഒരുക്കണം. അഭിപ്രായ വ്യത്യാസങ്ങൾ പറയാതെ നീട്ടിക്കൊണ്ടുപോകരുത്. ആശയവിനിമയം ഇല്ലാതെ പോകുമ്പോൾ അവരവരുടെ സ്വന്ത ചിന്തയിലും ഭാവനയിലും മുന്നോട്ടുപോകും. ഫലം അന്യോന്യ സംശയമായിരിക്കും.(എഫെ. 4:15)

**3. തെറ്റായ മുൻഗണനകൾ**

പങ്കാളിക്ക് വേണ്ട സ്ഥാനം നൽകുക. കുടുംബത്തിലും ഒന്നാമത് ദൈവം ആയിരിക്കണം. അതു കഴിഞ്ഞ് പങ്കാളി. ആത്മീയ കാര്യങ്ങളിലും ഒരുമിച്ചാണ് മുന്നേറേണ്ടത് എന്നോർക്കുക. പങ്കാളിയെ കൂടാതെ മുന്നോട്ടു പോകാം എന്ന തോന്നൽ ജനിപ്പിക്കരുത്. ജീവിതത്തിലെ ‘നമ്പർ വൺ’ പങ്കാളി തന്നെ. മക്കൾ പോലും പിന്നീട്. (എഫെസ്യർ 5:13)

**4. തെറ്റായ പ്രതികരണങ്ങൾ**

കോപവും ശാഠ്യവും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുകയേയുള്ളൂ. മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കുന്നു. കഠിന വാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു. (സദൃ. 15:1) കോപിച്ചാൽ ക്ഷമ ചോദിക്കുകയും ദൈവത്തിന്റെ സഹായത്തിനായി ആശ്രയിക്കുകയും ചെയ്യുക.

*— ടീയെം*

## ടീൻസ് ക്യാമ്പ് നടന്നു

എറണാകുളം പുക്കാട്ടുപടി ശാന്തിഗിരി ആശ്രമത്തിൽ വെച്ച് ഏപ്രിൽ 13 മുതൽ 15 വരെ നടന്നു. എറണാകുളം ജില്ലയിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നുമായി നൂറോളം കുട്ടികൾ പങ്കെടുത്തു. വിവിധ വിഷയങ്ങൾക്കൊപ്പം ചർച്ചകൾ, ഗെയിംസ്, ടാലന്റ് ടൈം എന്നിവയും ഉണ്ടായിരുന്നു. സഹോദരന്മാരായ കെ. തോമസ് മാത്യു, എ. ആർ. പീറ്റർ, ജോർജ്ജ് കോശി, ബിജു കണ്ണൻ, ടെൻസൻ ജോസഫ്, ഡെന്നി ജോൺ, ഷോംബെ പുത്തൂരാൻ, എബ്രഹാം ജേക്കബ്, ബെൻസിക്ക് മിറാന്റാ എന്നിവർ ക്ലാസുകളെടുത്തു.




പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ്സ് സിലബസ് പ്രസിദ്ധീകരിച്ച ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി തയ്യാറാക്കുന്നത്.

5 Day VBS

**ദൈവത്തിന്റെ മനുഷ്യൻ**

ഉടൻ ബന്ധപ്പെടുക

**എന്റെ ദൈവത്താൽ സാദ്ധ്യം, ദൈവത്തിന്റെ പൈതൽ, പൗലോസും കൂട്ടുകാരും തുടങ്ങിയ പ്രോഗ്രാമുകൾക്ക് 50% ഡിസ്കൗണ്ട്. പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യം.**





സഭകളായും വ്യക്തികളായും വി.ബി.എസ്. സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം

**CEM, P.O Box 46, Tiruvalla - 1. Tel : 0469 - 2601532, 2701165.**
**Mobile : 9495353440, 9447041114, 9447414222, 9895710910**

## ഭിലായ് സഭ

ഭിലായ് സഭ ആരംഭിച്ചിട്ട് 2008 ആഗസ്റ്റിൽ 50 വർഷം തികയുകയാണ്. ഇവിടെ നിന്നും കർതൃവേലക്കായി വേർതിരിഞ്ഞ പത്തു പേർ കുടുംബങ്ങളായി ഭിലായിലും മറ്റു പല സ്ഥലങ്ങളിലുമായി പ്രവർത്തിക്കുന്നു. കൂടാതെ ഇപ്പോൾ 7 പേർ ബൈബിൾ സ്കൂളുകളിൽ പഠനം നടത്തുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അനേകർ വിശ്വാസത്തിലേക്ക് വരുവാൻ ഇടയായി. 2007ൽ 50 പേരോളം കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. അതിൽ 47 പേർ സ്നാനപ്പെട്ടു സഭയോട് ചേർന്നു. ഇപ്പോൾ കുഞ്ഞുങ്ങൾ ഉൾപ്പെടെ 170 പേരോളം കൂടിവരുന്നുണ്ട്. സഹോ. സിബു തോമസ്സിന്റെ പ്രവർത്തനം മൂലം പ്തമനാഭപ്പൂരിന്റെ ചുറ്റുപ്പാടുമുള്ള ദുർഗ്ഗിന്റെ പ്രദേശത്തു നിന്നും വരുന്നവരുടെ ദൂരകൂടുതലും, ഭിലായി സഭാഹാളിന്റെ സ്ഥലപരിമിതിയും കണക്കിലെടുത്ത് സഹോ. സിബു തോമസ്സിന്റെ വസതിയുടെ സമീപത്തുള്ള സ്ഥലത്ത് ഒരു സഭാ ഹാൾ പണി ആരംഭിച്ചു. 2008 മാർച്ച് 23ന് ഈ ഹാളിന്റെ സമർപ്പണ ശുശ്രൂഷ നടന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ക്ഷണിക്കുന്നു. സഭക്കു വേണ്ടി, വി.റ്റി. ജോണിക്കുട്ടി, പി.റ്റി. അലക്സാണ്ടർ, കെ.റ്റി. നൈനാൻ

## വിലാസമാറ്റം

ഇരിങ്ങാലക്കുടയിൽ നിന്നും പാലക്കാട് ജില്ലയിലെ കരിമ്പാറയിലേക്ക് താമസം മാറ്റി അവിടെ പ്രവർത്തിക്കുന്ന സുവി. സി.പി. ജോഫിയുടെ പുതിയ വിലാസം. Evg. C.P. Jophy, Brethern Gospel Home, Chettikulambu, Karimpara, Kairady P.O., Palakkad - 678510. Ph : (Mob) 9447233752

## കമന്റേഷൻ

കൊല്ലിയോട് – സഹോ. എം. ധർമ്മരാജ് വർഷങ്ങളായി കൊല്ലിയോട് സഭയോട് ചേർന്ന് സുവിശേഷകനായി പ്രവർത്തിക്കുന്നു. സഹോദരന് വേലയ്ക്കായുള്ള വിളിയും ആത്മഭാരവും ബോധ്യപ്പെടുകയും കൊല്ലിയോട് സഭ സഹോദരനെ സുവിശേഷകനായി അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ നിദ്രവിള കുലശേഖരം ചെമ്പൂർ, മണക്കാല എന്നീ സ്ഥലങ്ങളിലെ പ്രവർത്തനങ്ങളിൽ സഹോദരൻ സഹകരിച്ചു വരുന്നു. സുവിശേഷകൻ എന്ന നിലയിൽ എല്ലാ സഹകരണങ്ങളും ചെയ്യുവാൻ ഞങ്ങൾ സഭയായി ശുപാർശ ചെയ്യുന്നു. സഹോദരന്റെ വിലാസം – M. Dharmaraj, Kavuvila Veedu, Puravoor, Kannumammude P.O., Kaniyakumari, T.N. - 629170, Tel : 04712252503. സഭയ്ക്കു വേണ്ടി, വിനോദ് കുമാർ, ഷാജി, വി.ആർ. നോബി, എ. ജപദാസ്.

## അട്ടപ്പാടി സിസ്റ്റേഴ്സ് കോൺഫറൻസ്

അട്ടപ്പാടി – അഗളി കാറ്റുവളവ് ഐ.സി.പി.എഫ്. ക്യാമ്പ് സെന്ററിൽ വെച്ച് 2008 മെയ് 1, 2 തീയതികളിൽ സിസ്റ്റേഴ്സ് ക്യാമ്പ് നടക്കുന്നു. "വീട് പണിയുന്ന സ്ത്രീ" എന്നതാണ് ക്യാമ്പ് തീം. ഉത്ഘാടന പ്രസംഗം സഹോ. ജോർജ്ജ് പീറ്റർ (പാലക്കാട്) നിർവ്വഹിക്കും. ക്ലാസുകൾ എടുക്കുന്നവർ – ബെറ്റി ജോൺ കുര്യൻ (കോട്ടയം), ഷേർളി ബാബു (വാളകം), ബെറ്റി ജയൻ (തൃശൂർ) കോൺഫറൻസിനു വേണ്ടി – ശാന്തമ്മ ദേവ് അൻപ്, ഗിരിജ ജോസഫ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 9947483209, 9947775464.

## നമുക്കു ചുറ്റും

### ടീൻസ് ക്യാമ്പ് – തിരുവല്ല

7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കർത്താവിനു കൊള്ളാവുന്നവർ ആകാനും പഠനത്തിൽ മികച്ചവർ ആകാനും!

തിരുവല്ല ബെഥേൽ ആശ്രമത്തിൽ മെയ് 1 വ്യാഴം ഉച്ചയ്ക്ക് 2.30 മുതൽ 3 ശനി 4 വരെ. 50 പേർക്ക് മാത്രം പ്രവേശനം. എത്രയും വേഗം രജിസ്റ്റർ ചെയ്യുക. ബെന്നി ഫലിപ്പ് – 9447760455, വിനു മാത്യു – 949553766, ബെഞ്ചമിൻ ജോസഫ് – 0469 2601532.

### ശിഷ്യത്വ പരിശീലനം – മെയ് 14 മുതൽ 24 വരെ തിരുവല്ലായിൽ

വലിയ നിയോഗത്തിൽ താൽപര്യമുള്ള ആർക്കും പങ്കെടുക്കാം. യുവതീയുവാക്കൾക്ക് മുൻഗണന. ബൈബിൾ സർവ്വേ, അടിസ്ഥാന ഉപദേശ സത്യങ്ങൾ, കാര്യവിചാരകത്വം, ആശയ വിനിമയം, കൗൺസിലിംഗ്, കുട്ടികൾ, യുവജനങ്ങൾ ഇവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, ബൈബിൾ ട്രാൻസലേഷൻ തുടങ്ങിയ വിവിധ മിഷനറി പ്രവർത്തനങ്ങൾ ഇവയെപ്പറ്റിയുള്ള ക്ലാസ്സുകൾ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും – PTI, C/o. Chumathra Brethren Assembly, Chumathra P.O., Thiruvalla 689103. Tel. 0469-2601532, 9447360417. കെ. തോമസ് മാത്യു, ബെഞ്ചമിൻ ജോസഫ്.

### പ്രാർത്ഥനയ്ക്ക്

സുവി. മാത്യു കൊടിത്തോട്ടം കരളിന്റെ പ്രവർത്തനം നിലച്ചനിലയിൽ റ്റി.എം.എം. ആശുപത്രിയിൽ കഴിയുന്നു. ഓട്ടോ ഇമ്മ്യൂൺ അസുഖത്തെ തുടർന്ന് വളരെ നാളുകൾ ചികിത്സയിലായിരുന്നു.

സുവി. ലിയോ പോൾ വില്ല്യംസ്, അടിയന്തിരമായി കിഡ്നി മാറ്റിവയ്ക്കണം. തൂക്കം 60 കിലോയായി കുറഞ്ഞു. 51 പ്രാവശ്യം ഡയാലിസിസ് കഴിഞ്ഞു.

ഗുജറാത്ത് സഹോ. ജോർജ്ജ് മാത്യുവിന്റെ (ഗാന്ധിനഗർ) മകൻ റോണി (19) കാൻസർ ചികിത്സയിൽ. ബി.കോം. ഫൈനൽ വിദ്യാർത്ഥിയാണ്.

### മഹത്വത്തിൽ



ചെങ്ങന്നൂർ: കങ്ങഴ മുണ്ടത്താനം തൊമ്മിക്കാട്ടിൽ പ്രൊഫസർ ചെറിയാൻ മാത്യു (52). സംസ്ക്കാരം പുത്തൻകാവ് ബ്രദ്റൻ സെമിത്തേരിയിൽ നടത്തി. കായങ്കുളം എം.എസ്.എം. കോളേജ് പ്രൊഫസറായിരുന്നു സഹോദരൻ റ്റി.എം.എം. ഗവേണിംഗ് ബോഡി മെംമ്പറും നേഴ്സിംഗ് കോളേജ് ട്രഷററുമായിരുന്നു. ഭാര്യ ഡോ. ആനിയമ്മ ചെറിയാൻ (റ്റി.എം.എം.) മക്കൾ : എൽസ, ദീപു,സിബി, ബിനോയ്.


**Rehoboth Theological Institute**

A Unit of Rehoboth Girl's Orphanage Trust

Applications are invited from born-again Christian men and women, who have a desire to know and serve God and to be trained in God's word, for the following Course.

**Course - B.Th.**

Qualifications - +2 pass

Duration - 3 years, Medium - English

For Prospectue and application form send Rs. 50.

The Registrar,

**Rehoboth Theological Institute,**

Nellikkunnu, Thrissur - 680005.



## 'സെയിൽസ്' അവസരങ്ങൾ

**ഔവർ വിഷൻ (Our Vision)** പബ്ലിഷേഴ്സിൽ താഴെ കാണുന്ന ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്.

### സമ്മർ ട്രെയിനീസ്

14 ഒഴിവുകൾ

വേനൽ അവധിക്കാലത്ത്, ഔവർ വിഷൻ ഉത്പന്നങ്ങളുടെ വിപണിക്ക് രണ്ട് മാസം അവസരം. സെയിൽസ് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിനോടൊപ്പം ആകർഷണീയമായ കമ്മീഷൻ വ്യവസ്ഥിതിയിലുള്ള വരുമാനത്തിനും അവസരം.

**യോഗ്യതകൾ**

1. 10–ാം ക്ലാസ്സ് പരീക്ഷ കഴിഞ്ഞിരിക്കണം.
2. ക്രിസ്തീയ പുസ്തകങ്ങൾ സിഡികൾ തുടങ്ങിയവ വിപണനം ചെയ്യുവാനുള്ള കഴിവ്.

### യൂണിറ്റ് മാനേജർ

4 ഒഴിവുകൾ

ഔവർ വിഷന്റെ ഉത്പന്നങ്ങൾ ദക്ഷിണേന്ത്യയിലെങ്ങും വിപണനം ചെയ്യുവാൻ കേരളത്തിൽ തെക്ക്, വടക്ക്, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് നാല് യൂണിറ്റ് മാനേജർമാരെ ആവശ്യമുണ്ട്.

**യോഗ്യതകൾ**

1. ബിരുദം

2. യാത്ര ചെയ്യുവാനും, പുസ്തകശാലകളുമായി ആശയവിനിമയം നടത്തുവാനുള്ള കഴിവ്.

**ആകർഷണീയമായ വേതന വ്യവസ്ഥകൾ. തല്പരരായ ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും ഫോട്ടോയും താഴെ കാണുന്ന വിലാസത്തിൽ അയക്കുക.**

**Our Vision**, MRA 19A, Madathuvila Lane, Medical College PO, Trivandrum - 695 011.

Ph : 9447341237, 9447414222


## പ്രയർ കലണ്ടർ

മെയ് 2008

**പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.**

| | | | | | |
|---|---|---|---|---|---|
| **ഞായർ** – സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **4** വിശ്വാസികളുടെ വ്യക്തിപരമായ ഉണർവ്വിനും ആത്മീയപുതുക്കത്തിനും വേണ്ടി, ഭിന്നതകൾ വരാതിരിക്കാൻ, ഉണ്ടെങ്കിൽ പരിഹരിക്കപ്പെടേണ്ടതിന്. സ്ഥലം സഭയുടെ വളർച്ചയ്ക്ക് നിങ്ങളുടെ പങ്കെന്താണ്? സഭയിൽ നിന്നും സുവിശേഷവേലയ്ക്കായി ആളുകൾ പോ കാൻ. | **11** സഭകൾ തമ്മിലുള്ള സഹകരണം യോജിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ വർദ്ധിച്ചു വരുവാനായി, മാസയോഗങ്ങൾ, പരസ്യയോഗങ്ങൾ, ഭവനസന്ദർശനം, ട്രാക്റ്റ് വിതരണം എന്നിവയ്ക്കുവേണ്ടി പ്ര ത്യേകം. പുതിയ ആത്മാക്കൾ രക്ഷിക്കപ്പെട്ട് സഭയോട് ചേരുവാൻ, പിൻമാററത്തിലുള്ളവരുണ്ടെങ്കിൽ അവരുടെ മാനസാന്തരത്തിനായി. | **18** ആരാധനാ യോഗങ്ങൾ അർത്ഥപൂർണ്ണമായി തീരേണ്ടതിന്. പ്രാർത്ഥനാ യോഗങ്ങൾ, ഇടദിവസങ്ങളിലെ കൂടിവരവുകൾ എന്നി വയ്ക്കായി. ശുശ്രൂഷകൾ ചെയ്യു ന്നവർക്കുവേണ്ടി. ശരിയായ വചന പരിജ്ഞാനം എല്ലാ വിശ്വാസികൾക്കും ലഭിക്കേണ്ടതിന്., കൃപാവരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതി നായി. | **25** കൂട്ടുസഹോദരൻമാരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രാർത്ഥിക്കുക. നമ്മുടെ പങ്ക് നിർവ്വഹിക്കുക. വിവാഹ പ്രായമായവർക്കുവേണ്ടി, ദൈവഹിതം കണ്ടെത്തുവാൻ, വിദ്യാർത്ഥികൾക്കു വേണ്ടി. പ്രായാധിക്യത്തിലുള്ളവരെയും മീററിംഗുകൾക്ക് വരാൻ കഴിയാത്തവരെയും ഓർത്ത് |
| **തിങ്കൾ** – അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **5** നമ്മുടെ രാജ്യത്തിനുവേണ്ടി. സമാധാനം നിലനിൽക്കുവാൻ പ്രധാനമന്ത്രി, പ്രസിഡൻറ്, എന്നിവർക്കുവേണ്ടി. മററു മന്ത്രിമാരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക പ്രതിപക്ഷനേതാക്കൾക്കു വേണ്ടിപേരുപറഞ്ഞ്. സുപ്രീംകോടതി ജഡ്ജിമാർക്കുവേണ്ടി. മന്ത്രിസഭയിലെ ഘടകകക്ഷി നേതാക്കൾക്കുവേണ്ടി. | **12** വിവിധ സംസ്ഥാനങ്ങളെ ഓർത്ത് (ഇന്ത്യയുടെ ഭൂപടം ഉണ്ടെങ്കിൽ അതിൽ നോക്കി പ്രാർത്ഥിക്കുക). സംസ്ഥാന മുഖ്യമന്ത്രിമാരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. കേരളത്തിൻെറ അയൽ സംസ്ഥാനങ്ങളെ ഓർത്ത് പ്രത്യേകം. സൗഹൃദത്തിൽ പോകുവാനും വ്യാപാര വാണിജ്യ കാര്യങ്ങളിൽ സഹകരി ക്കുവാനും. | **19** കേരളത്തിലെ ഭരണ കർത്താക്കൾക്കായി. മുഖ്യമന്ത്രി, മററു മന്ത്രിമാർ, ചീഫ് സെക്രട്ടറി, സെക്രട്ടറിമാർ ഉദ്യോഗസ്ഥർ പ്രതിപക്ഷ നേതാക്കൾ, മററു രാഷ്ട്രീയ പാർട്ടി നേതാക്കൾ. ദൈവഭയത്തോടെ യും നേരോടെയും തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുവാൻ. ഇവർ രക്ഷിക്കപ്പെടു വാൻ. രാഷ്ട്രീയ പ്രതിസന്ധികൾ മാറുവാൻ. | **26** കോർപ്പറേഷൻ, മുനിസിപ്പാലിററി, പഞ്ചായത്ത് ഭരണാധികാരികൾക്ക് വേണ്ടി. പ്രസിഡൻറ്, മെമ്പർ എന്നിവരുടെ പേരു കൾ പറഞ്ഞ് പ്രാർത്ഥിക്കുക. തങ്ങളുടെ ജോലികൾ നീതിയോടെ നിർവ്വഹി ക്കുവാൻ. ജില്ലാ ആരോഗ്യ കേന്ദ്രങ്ങൾ ക്കും, ഉദ്യോഗസ്ഥർക്കുവേണ്ടി. മേൽ പറഞ്ഞ വ്യക്തികൾ രക്ഷിക്കപ്പെടുവാൻ. |
| **ചൊവ്വ** – രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.<br>പ്രയർ കലണ്ടർ<br>C/o റിന്യൂവൽ,<br>പി. ബി. 46,<br>തിരുവല്ല 689 101. | **6** ഒറീസ്സയ്ക്കുവേണ്ടി, ജനസംഖ്യ 3.67 കോടി, 45% ജനങ്ങളും താഴ്ന്ന വിഭാഗത്തിൽപ്പെടുന്നവരാണ്. തലസ്ഥാ നമായ ഭുവനേശ്വർ ക്ഷേത്ര നഗരമെന്ന് അറിയപ്പെടുന്നു. 2.5% ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും രക്ഷിക്കപ്പെട്ടവരല്ല. സ്നാനപ്പെടണമെങ്കിൽ കളക്ടറുടെ അനുവാദം വേണമെന്ന നിയമം നിലനിൽക്കുന്നു. | **13** രാജസ്ഥാനുവേണ്ടി. ജനസംഖ്യ 5.64 കോടി. മുഖ്യമന്ത്രി വ സുന്ധര രാജസിന്ധ്യ. ഉയർന്ന ജാ തിയിൽപ്പെട്ട രജപുത്ര, ജാട്ട്, മാർവാറി വിഭാഗങ്ങൾ സുവിശേഷത്തോട് താത്പര്യം കാണിക്കുന്നില്ല. ഇവിടെ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കും അവരുടെ കുടുംബാഗങ്ങൾക്കും സംരക്ഷണത്തിനും. | **20** തെക്കേ ഇന്ത്യയിലെ വടക്കേ ഇന്ത്യ എന്നറിയപ്പെടുന്ന കർണ്ണാട കയ്ക്കു വേണ്ടി ജനസംഖ്യ 5.27 കോടി. കൊടഗ്, യാരവ ഭാഷക ളിൽ ബൈബിൾ തർജ്ജമ നടക്കേണ്ടതുണ്ട്. പൊതുവേ കടുത്ത എതിർപ്പ്. സുവിശേഷകൻമാർക്കായി, പ്രവർത്തനങ്ങൾക്കായി. കർണ്ണാടക തെരഞ്ഞെടുപ്പിനായി. | **27** മിഷനറിമാരുടെ ശവപ്പറമ്പ് എന്നറിയപ്പെടുന്ന ബീഹാറിനു വേണ്ടി. ജനസംഖ്യ 8.28 കോടി, 6000 ഗ്രാമങ്ങൾ, 200ഓളം ജന വിഭാഗങ്ങൾ വികസനത്തിൽ ഏ ററവും പിന്നിൽ. സാക്ഷരത വളരെ കുറവ്. ആതുര സേവനം, വിദ്യാഭ്യാ സംഎന്നീ മുഖാന്തരങ്ങളിലൂടെ സുവിശേഷീകരണ ദൗത്യം നിർവ്വഹിക്കുവാൻ |
| **ബുധൻ** – സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **7** വാർദ്ധക്യ സഹജ ക്ഷീണത്തിലായിരിക്കുന്ന പി. കെ. മാത്യൂസ് (തിരുവല്ല) വി. പി. ജേക്കബ് (തിരുവനന്തപുരം), കെ. കുര്യൻ (ചേരാനെല്ലൂർ), കുഞ്ഞമ്മ സൈമൺ (എറണാകുളം), ലില്ലി മൈക്കിൾ (ഇടയക്കുന്നം), ഫിലിപ്പ് എബ്രഹാം (കല്ലിശ്ശേരി), ഇ. വി. വർഗ്ഗീസ് (അങ്കമാലി), അന്നമ്മ ജോസഫ് (എറണാകുളം). നിങ്ങൾക്കറിയാവുന്നവരുടെയും ലിസ്റ്റ് തയ്യാറാക്കുക. | **14** സൗഖ്യമില്ലാത്തവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ശുശ്രൂഷിക്കുന്നവരെ ഓർത്തും. അവരുടെ ബന്ധുജനങ്ങൾ തങ്ങളുടെ കടപ്പാട് നിർവ്വഹിക്കുവാൻ. ചിലരെ സന്ദർശിച്ച് പ്രാർത്ഥിക്കുക. സാമ്പത്തീകമായ് വിഷമിക്കുന്നവർക്കായ് ഏനാത്ത് സഭയിലെ ക്രിസ്റ്റി രാജ് (കഴിഞ്ഞലക്കം നമുക്കു ചുറ്റും വാർത്ത കാണുക). ഇടയക്കുന്നം സഭാംഗം റാഫേൽ എന്നിവർക്കായ്. | **21** ക്യാൻസർ രോഗികൾ. ഗ്രേസ് ജോൺസൻ (എറണാകുളം) ജോർജ് എം. എബ്രഹാം (USA) എസ്തേർ 5 വയസ് (USA) ജോർജ്ജ് മർസിലിൻ (കുണ്ടറ), ജോൺ മാത്യു (USA), Y. ജോൺസൻ (സൗദി), കെ. എം. പാപ്പച്ചൻ (USA), ജോൺ മാത്യു (USA), ഷീബ തോമസ് (മുംബൈ), E.C. ചെറിയാൻ, സിൻഡി ഹോഗൻ (USA), | **28** വിവിധ രോഗങ്ങളാൽ ഭാരപ്പെടുന്നവർ. ലിയോ പോൾ വില്യംസ് (തൊടുപുഴ), ഡാനിയേൽ വർഗ്ഗീസ് (തിരുവനന്തപുരം), ബയൂല ജോസഫ് (വയനാട്), കെ. വി. പൗലോസ് (കോതമംഗലം), ചാക്കോ തോമസ് (പൂന), റോസമ്മ തോമസ് (അങ്കമാലി), ജോഷി കുര്യാക്കോസ് (കോട്ടയം), ഇസ്രായേൽ (കുമ്പനാട്), അമ്മിണി ഡാനിയേൽ (പാലക്കാട്). |
| **വ്യാഴം** – സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **1** YMEF നോർത്ത്, സൗത്ത്, ഹൈറേഞ്ച്, മലബാർ, ഡിവിഷനുകളുടെ പ്രവർത്തന ങ്ങൾക്കായി. ടീം അംഗങ്ങൾ, സാമ്പത്തിക ആവശ്യങ്ങൾ. ഡിവിഷൻെറ ചുമതല വഹിക്കുന്ന സഹോദരന്മാർക്കായി, തൃശ്ശൂർ, വാളകം യൂണിററ് പ്രവർത്തനങ്ങൾക്കായി | **8** മാസവേല, മാസയോഗം, മിനി ക്യാമ്പുകൾ, ബൈബിൾ സൊസൈറ്റികൾ, ബാലസംഘം പ്രവർത്തനങ്ങൾ, ആശുപത്രി സുവിശേഷീകരണം, റേഡിയോ, ടി. വി. ഇന്റർനെററ്, തുടങ്ങിയവയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ, ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ. | **15** ഓഡിയോ, വീഡിയോ കാസററ്, ലിററേച്ചർ മിനിസ്ട്രി – മാസിക, വാരിക, ലഘുരേഖ,(ട്രാക്ട് സൊസൈററികൾ). ബ്രദ്റൻ ബൈബിൾ ഇൻസ്റ്റിററ്യൂട്ട് പത്തനംതിട്ട, ബെഥനി ബൈബിൾ സ്ക്കൂൾ കുമ്പനാട്, നോർത്ത് ഇൻഡ്യ ബൈബിൾ ഇൻസ്റ്റിററ്യൂട്ട് രാജസ്ഥാൻ, ബ്രദ്റൻ ബൈബിൾ ഇൻസ്റ്റിററ്യൂട്ട് മധുര. | **22** ക്രിസ്തീയ സ്ഥാപനങ്ങൾക്കും, ഫണ്ടുകൾക്കും, അതിൻെറ പ്രവർത്തനങ്ങൾക്കും. ബൈബിൾ സ്ക്കൂളുകൾ, കോളജുകൾ: രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് നെല്ലിക്കുന്ന്. വി. നാഗൽ ബൈബിൾ സ്കൂൾ കുന്നംകുളം, G.T.C പെരുമ്പാവൂർ, പോൾ തിമോത്തി ട്രസ്റ്റ്. | **29** തിരുവല്ല മെഡിക്കൽ മിഷനുവേണ്ടി ഡോക്ടർമാർ, നേഴ്സുമാർ, മറ്റു ജീവനക്കാർ, നേഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്കായി. ഭരണ സമിതി അംഗങ്ങൾ, അഡ്മിനിസ്ട്രേറ്റർ എന്നിവർക്കായും. വാഴൂർ, മന്ദമരുതി ബ്രാഞ്ചുകൾക്കായി. |
| **വെള്ളി** – ലോക രാജ്യങ്ങൾ | **2** ഒരുവർഷം 12.43 കോടി ജന ങ്ങൾ ഭൂമിയിൽ ജനിക്കുമ്പോൾ 5.27 കോടി മരിക്കുന്നു. നിത്യ ജീവൻ നൽകുന്ന സുവിശേഷം ഏവരും ശ്രവിക്കുവാനുള്ള മുഖാന്തരങ്ങൾ ഉണ്ടാകേണ്ടതിന്, ലോക രാജ്യങ്ങൾക്കായി പേരുപറഞ്ഞ്. പാക്കിസ്ഥാനിൽ ഇന്ത്യാ പാക്കിസ്ഥാൻ സൗഹൃദാന്തരീക്ഷത്തിനായി. | **9** ചൈനയിലെ രഹസ്യസഭകൾക്കു വേണ്ടി, ലോകജനസംഖ്യയുടെ 21%(128 കോടി) ഉൾക്കൊള്ളുന്ന ഇവിടേയ്ക്ക് അനേക മിഷനറിമാർ കടന്നു പോകേണ്ടതിനായി, പീ ഡനങ്ങളിലൂടെ കടന്നുപോകുന്ന വിശ്വാസികൾക്കായി. ഒളിംപിക്സ് നടക്കുമ്പോൾ സുവിശേഷം അറിയിക്കപ്പെടുവാൻ. | **16** ശ്രീലങ്കയ്ക്കുവേണ്ടി 7.62 ശതമാനമുള്ള ക്രിസ്ത്യാനികൾക്കു വേണ്ടി. ഇന്ത്യയിലെ റേഡിയോ സുവിശേഷീ കരണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഇവിടെ കർശനമായ നിയന്ത്രണങ്ങൾ ഉണ്ടാകാ തിരിക്കേണ്ടതിന്. ഭീകര പ്രവർത്തനങ്ങൾ വീണ്ടും ആരംഭിച്ചു. നേതാക്കൾക്കുവേണ്ടി പ്രത്യേകം. | **23** 10/40 ജാലക രാജ്യങ്ങൾക്കു വേണ്ടി, 196 കോടി ജനങ്ങൾ മതനിയമങ്ങൾ പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങളിൽ അധിവസിക്കുന്നു. സുവിശേ ഷീകരണ സ്വാതന്ത്ര്യം ഇല്ലാത്തരാജ്യങ്ങൾക്കുവേണ്ടി. യിസ്രായേൽ– പാലസ്തീൻ പ്രശ്ന ങ്ങൾ സമാധാനപരമായി പരിഹരി ക്കപ്പെടേണ്ടതിന്. ലബനനുവേണ്ടി പ്രത്യേകം. | **30** യൂറോപ്പ്യൻ രാജ്യങ്ങൾ. സ്പെയിൻ പ്രസിഡന്റ് ജോസ് എൽ. റോഡ്രിഗ്സ് സപ്പറ്ററോ. ജനസംഖ്യ 4.52 കോടി. ഇറ്റലി – പ്രസി. ജിയോജിയോ നെപ്പോളിറ്റാനോ. ജനസംഖ്യ 5.93 കോടി. പോപ്പിന്റെ അധീനതയിലുള്ള റോമാണ് തലസ്ഥാനം. മോനോക്കോ – രാജാവ് ആൽബർട്ട് രണ്ടാമൻ. ജനസംഖ്യ 32671. |
| **ശനി** – കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **3** സോദരി ഭവൻ കൊല്ലം, സ്റ്റുഡൻസ് ഇവാഞ്ചലിസം ഫെലോഷിപ്പ്,ബൈബിൾ തർജ്ജിമയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി. ACCEPT ബാംഗ്ളൂർ എയ്ഡ്സ് രോഗി കൾക്ക്, വൃദ്ധമന്ദിരങ്ങൾ:– മിസ്സൻഗ്രൻ മെമ്മോറിയൽ നെല്ലി ക്കുന്ന്, ബ്രദ്റൻ മേഴ്സി ഹോം കുമ്പനാട്. | **10** വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ്, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളജ്, ക്രിസ്ത്യൻ മെഡിക്കൽ കോളജ് ഒട്ടം ഛത്രം (തമിഴ്നാട്), സങ്കേശ്വർ മിഷൻ ഹോസ്പിററൽ ബൽഗാം, നരസപ്പൂർ ക്രിസ്ത്യൻ ഹോസ്പിററൽ (ആന്ധ്ര). അംബാജിപ്പേട്ട വിമൻസ് ഹോസ്പിറ്റൽ, പക്കാഞ്ചോർ ആശുപത്രി. | **17** അനാഥശാലകൾ, ഗേൾസ് ഹോസ്റ്റലുകൾ: രെഹബോത്ത് ഗേൾസ് ഹോം നെല്ലിക്കുന്ന്, ബെഥേസ്ഥ ബോയ്സ് ഹോം ഇരിങ്ങാലക്കുട, ദയാവിഹാർ തിരുവല്ല, ബോയ്സ് ഹോം മലവള്ളി (കർണ്ണാടക) ബ്രദ്റൻ റിലീഫ് ട്രസ്റ്റ് തിരുവനന്തപുരം, G.F.T.I (മദ്രാസ്), സ്റ്റുവാർഡ് അസോസിയേഷൻ | **24** സ്കൂൾ മിനിസ്ട്രി :– രെഹബോത്ത് ഗേൾസ് സ്കൂൾ നെല്ലിക്കുന്ന്, നോയൽ മെമ്മോറിയൽ സ്ക്കൂൾസ് കുമ്പനാട്, വടക്കേ ഇൻഡ്യയിലെ നമ്മുടെ സ്ക്കൂളുകൾക്ക്, ക്ലാരൻസ് ബാംഗ്ലൂർ.<br>KEM ഫണ്ട്, ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ്, ജനറൽ ഗോസ്പൽ ഫണ്ട് എന്നിവയ്ക്കു വേണ്ടി. | **31** വി. ബി. എസ്. പ്രവർത്തനങ്ങൾക്കായി അനേക കുഞ്ഞിങ്ങൾ രക്ഷിക്കപ്പെടുവാൻ 5 ഡേ വി.ബി.എസ്. പ്രവർത്തനങ്ങൾക്ക് സമ്പൂർണ്ണ സമയ സമർപ്പണമുള്ള ഒരു കുടംബം മുന്നോട്ടുവരുവാൻ. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളുടെ അനുധാവനവും ക്രമമായി നടക്കുവാൻ. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm.